പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3072 — 21-06-2013 – ൽ മറുപടിയ്ക്ക്

## കൃഷിക്കും ജലസേചനത്തിനും ഉപയോഗിക്കുവാൻ കുളങ്ങളും ജലാശയങ്ങളും വൃത്തിയാക്കി സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷിക്കും ജലസേചനത്തിനും ഉപയോഗിക്കുവാൻ കഴിയുന്ന കുളങ്ങളും ജലാശയങ്ങളും മറ്റും സംരക്ഷിക്കുന്നതിന് കൃഷി വകുപ്പിനു തനതായ പദ്ധതികൾ എന്തെല്ലാമാണുള്ളത്; | (എ) സംസ്ഥാനത്ത് മണ്ണ് ജല സംരക്ഷണാർത്ഥം നിരവധി മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ ഭാഗമായി കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുകയും പുതിയ കുളങ്ങൾ ആവശ്യാനുസരണം നിർമ്മിക്കുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ കൃഷിയ്ക്കും ജലസേചനത്തിനും ഉപയോഗിക്കുവാൻ കഴിയുന്ന കുളങ്ങളും ജലാശയങ്ങളും മറ്റും സംരക്ഷിക്കുന്നതിനു മാത്രമായി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന ഒരു തനതു പദ്ധതിയാണ് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പാരിസ്ഥിതിക പുനരുജ്ജീവനത്തിനുള്ള മണ്ണു ജല സംരക്ഷണ പദ്ധതി. |
| (ബി) ഇത്തരം കുളങ്ങളും ജലാശയങ്ങളും വൃത്തിയായി സംരക്ഷിക്കുന്നതിന് പരമാവധി എത്ര തുക വരെ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും ഓരോ കുളത്തിന്റെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയുമാണ് പ്രവൃത്തികൾക്കുള്ള തുക നിശ്ചയിക്കുന്നത്. കുളത്തിന്റെ വലിപ്പമനുസരിച്ചും, പുതു കുളം നിർമ്മാണമാണോ, നിലവിലുള്ള കുളങ്ങളുടെ പുനരുദ്ധാരണമാണോ ഏറ്റെടുക്കേണ്ടത് എന്ന അടിസ്ഥാനത്തിലും, പി.ഡബ്ല്യൂ.ഡി നിരക്കടിസ്ഥാനത്തിലാണ് തുക നൽകാറുള്ളത്. |

(സി) 2011-2012 ലും 2012-2013 ലും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) 2011-12, 2012-13 വർഷങ്ങളിലായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളിൽ 597.59 ലക്ഷം രൂപ കിണറുകളുടെയും കുളങ്ങളുടേയും നവീകരണത്തിനായി ചെലവഴിച്ചട്ടുണ്ട്. 52 കുളങ്ങളുടെ നിർമ്മാണവും 1369 കിണറുകളുടെ നവീകരണവും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) 2013-2014 ൽ പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 2013-14 ലേയ്ക്കായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 436.27 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ നീക്കിവച്ചിരിക്കുന്നതിൽ 387.94 ലക്ഷം രൂപ കുളങ്ങളുടേയും കിണറുകളുടേയും നവീകരണത്തിനുള്ളതാണ്.

(ഇ) പ്രസ്തുത പദ്ധതിയുടെ പ്രൊപ്പോസൽ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സമർപ്പിക്കേണ്ടത് എത് ഏജൻസി മുഖേനയാണെന്നും പദ്ധതി നിർവ്വഹണം ഏത് ഏജൻസി മുഖേനയാണെന്നും വ്യക്തമാക്കുമോ ?

(ഇ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പാണ് കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പാരിസ്ഥിതിക പുനരുജ്ജീവന പദ്ധതി നിർവ്വഹിച്ചു വരുന്നത്. 13-ാം ധനകാര്യ കമ്മീഷൻ അംഗീകാരത്തോടെ നിർവ്വഹിച്ചു വരുന്ന ഈ പദ്ധതിയുടെ പ്രൊപ്പോസൽ. എസ്റ്റിമേറ്റ് മുതലായവ മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പാണ് തയ്യാറാക്കി സമർപ്പിക്കുന്നത്.

സെക്ഷൻ ഓഫീസർ